# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:2359 20.06.2012 - ൽ മറുപടിക്ക്

## ടാങ്കർ ലോറികളിൽ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണമേൻമ പരിശോധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. കെ. അച്ചുതൻ | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പകർച്ചവ്യാധികൾ വ്യാപിക്കാതിരിക്കാൻ സംസ്ഥാനത്ത് ടാങ്കർ ലോറികളിൽ മലിനജലം വിതരണം ചെയ്യുന്നത് തടയാനും മോണിറ്ററിംഗ് നടത്താനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | (എ) കേരള ജല അതോറിറ്റി, പുറമെ നിന്നുള്ള ആവശ്യമനുസരിച്ച് ടാങ്കർ ലോറികൾക്ക് ജലം നൽകുന്നുണ്ട്. ഇങ്ങനെ നൽകുന്ന ജലം ജല അതോറിറ്റിയുടെ ശുദ്ധീകരണ ശാലകളിൽ ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയതാണ്. എന്നാൽ മറ്റ് ഏജൻസികൾ ടാങ്കറുകൾ വഴി നൽകുന്ന ജലത്തിന്റെ നിയന്ത്രണം കേരള ജലഅതോറിറ്റിയിൽ നിക്ഷിപ്തമല്ല. |
| (ബി) ആയതു സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;<br>(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ആയതിനു വേണ്ടി എങ്ങനെ സഹകരിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) & (സി) സ്വകാര്യ ടാങ്കർ ലോറികളിൽ കുടിയുള്ളതുൾപ്പെടെയുള്ള കുടിവെള്ളം പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കുന്നതിനും സ്വകാര്യ ടാങ്കർ ലോറികൾക്ക് ലൈസൻസ് ഏർപ്പെടുത്തുന്നതും സംബന്ധിച്ച മാർഗ്ഗരേഖ കേരള വാട്ടർ സപ്ലൈ & സീവറേജ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ഡി) വെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിട്ടുള്ളത് ? | (ഡി) കേരള ജല അതോറിറ്റിയിൽ കുടിവെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ |

ലാബുകളും എറണാകുളം ജില്ല യിലെ നെട്ടൂരിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിച്ചുവരുന്നുണ്ട്.
ഇതിനു പുറമേ സംസ്ഥാനത്ത് പതിനഞ്ച് സബ് ഡിവിഷണൽ ലാബുകളും പ്രവർത്തിക്കു ന്നുണ്ട്. കൂടാതെ ജലശുദ്ധീ കരണ ശാലകളുള്ള എല്ലാ കുടിവെള്ളപദ്ധതികളിലും ശുദ്ധീകരണ ശാലകളോടനു ബന്ധിച്ച് ഗുണനിലവാര പരിശോധനാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ടാങ്കർ ലോറികളിൽ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണ മേന്മാ പരിശോധന ജല അതോറിറ്റിയിൽ ഇപ്പോൾ നിക്ഷിപ്തമല്ല.

സെക്ഷൻ ഓഫീസർ